**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5288** **05-07-2024 - ൽ മറുപടിയ്ക്ക്**

**വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉഷ്ണതരംഗം മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളുടെ വിതരണം അടക്കം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഉഷ്ണതരംഗം, വരൾച്ച എന്നിവ മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പുന:കൃഷിക്കാവശ്യമായ നടീൽ വസ്തുക്കൾ, കുമ്മായം, വളം, കീടനാശിനി ഉൾപ്പെടെയുള്ള സഹായങ്ങൾ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കൃഷിനാശം വിലയിരുത്തി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള സഹായം, ഇൻഷ്വറൻസ് പരിരക്ഷ തുടങ്ങിയവയും സമയബന്ധിതമായി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പങ്കാളിത്തത്തോടെ പുനർകൃഷി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | വരൾച്ച മൂലം കൃഷി നാശം സംഭവിച്ച സ്ഥലങ്ങളിൽ മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെട്ടതിനാൽ മണ്ണിന്റെ ഗുണമേന്മ വീണ്ടെടുക്കാൻ കർഷകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 'എ' പിരിവ് കാണുക |
| (സി) | വരൾച്ച മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നടീൽ വസ്തുക്കൾ, വളം, കീടനാശിനി എന്നിവ സൗജന്യമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | 'എ' പിരിവ് കാണുക |

സെക്ഷൻ ഓഫീസർ